# പതിനാറാം കേരള നിയമസഭ

**സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**(2026 ജൂലൈ മാസം 1 -ാം തീയതി സഭയിൽ സമർപ്പിച്ചത്)**


**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**2026**

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | iii |
| റിപ്പോർട്ട് | |
| ഭാഗം I സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ | 1 |
| ഭാഗം II സമിതിയ്ക്ക് ലഭിച്ച നിവേദനങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ | 11 |

# ആമുഖം

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെൻറ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 [SARFAESI] പ്രകാരമുള്ള നടപടികൾ മൂലം ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുന്നതിനായി, പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ ശ്രീ. എസ്. ശർമ്മ ചെയർപേഴ്സണായി പതിനൊന്നംഗ അഡ്ഹോക് കമ്മിറ്റി 13.12.2018-ന് രൂപീകൃതമായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനങ്ങളും ശിപാർശകളും അടങ്ങിയ റിപ്പോർട്ട് 2019 നവംബർ 21-ാം തീയതിയായി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും, റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന നിവേദനങ്ങളിന്മേലും സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

തിരുവനന്തപുരം
01/07/2026

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്.

**സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

സർഫാസി എന്നറിയപ്പെടുന്ന (SARFAESI) സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002-ന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ മൂലം സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ സംജാതമായിരുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും മൂലം ഉളവായിരുന്ന സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതിനെക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. എസ്. ശർമ്മ ചെയർപേഴ്സണായി പതിനൊന്ന് അംഗങ്ങൾ അടങ്ങിയ ഒരു അഡ്ഹോക് കമ്മിറ്റി പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ രൂപീകരിക്കുകയുണ്ടായി. പതിമൂന്നാം സമ്മേളനകാലയളവിൽ 13-12-2018-ന് രൂപീകൃതമായ പതിനൊന്ന് അംഗ കമ്മിറ്റി വിവിധ ജില്ലകൾ സന്ദർശിക്കുകയും സർഫാസി നിയമത്തിന്റെ ഇരകൾ, കർഷക സംഘടനാ നേതാക്കൾ, പൊതുപ്രവർത്തകർ തുടങ്ങിയവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും അഡ്വക്കേറ്റ് ജനറൽ, വിവിധ വകുപ്പ് മേധാവികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയുമുണ്ടായി. പ്രസ്തുത അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും കമ്മിറ്റിക്ക് സമർപ്പിച്ച നിവേദനങ്ങളുടെയും അടിസ്ഥാനത്തിലും, സമിതി യോഗങ്ങളിൽ ഉണ്ടായിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയിട്ടുള്ള കമ്മിറ്റിയുടെ തീരുമാനങ്ങളും ശിപാർശകളും അടങ്ങിയിട്ടുള്ള റിപ്പോർട്ട് 2019 നവംബർ 21-ാം തീയതിയായി സഭയിൽ സമർപ്പിക്കുകയുണ്ടായി.

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന ശിപാർശകളിന്മേലും നിവേദനങ്ങളിന്മേലും അനന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളിലേക്ക് സമിതിയുടെ റിപ്പോർട്ട് കൈമാറിയിരുന്നു. പ്രസ്തുത ശിപാർശകളിന്മേലും നിവേദനങ്ങളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് ലഭ്യമായിട്ടുള്ള റിപ്പോർട്ടുകൾ ഉൾക്കൊള്ളിച്ച് രണ്ട് ഭാഗങ്ങളായാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഒന്നാം ഭാഗത്തിൽ പ്രസ്തുത റിപ്പോർട്ടിലെ സമിതി ശിപാർശകളും ,അവയ്ക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സമിതിക്ക് ലഭിച്ച നിവേദനങ്ങളും, അവയ്ക്ക് വിവിധ വകുപ്പുകളിൽ സ്വീകരിച്ച നടപടിയും ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം – 1

## സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

**ശിപാർശ നമ്പർ 1.** സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും സഹകരണബാങ്കുകളെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സഹകരണ (ബി) വകുപ്പ് (27.05.2020 ലെ നം.സഹ-ബി 2/499/2019/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**

സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ ബാങ്കും, അർബൻ സഹകരണ ബാങ്കുകളും മാത്രമാണ് നിലവിൽ ഈ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നത്. കേരള സംസ്ഥാന സഹകരണ ബാങ്ക് സഹകരണ നിയമങ്ങൾക്കു പുറമേ RBI-യുടേയും NABARD-ന്റേയും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കേണ്ടി വരുന്നതിനാലും അവരുടെ കാലാകാലങ്ങളിലുള്ള പരിശോധനകളിലും റിപ്പോർട്ടിലും ടി ബാങ്കുകളുടെ നിഷ്ക്രീയ ആസ്തി കുറച്ചു കൊണ്ടു വരുന്നതിനുള്ള നടപടികളുടെ ഭാഗമായി ബാങ്കിംഗ് മേഖലയ്ക്ക് അനുവദനീയമായ പ്രസ്തുത കേന്ദ്ര നിയമം നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കാറുള്ളതിനാലും ടി നിയമത്തെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതല്ല.എന്നാൽ 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും, വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്താൻ നിവേദനം നൽകാം.

(എന്നാൽ, പ്രസ്തുത റിപ്പോർട്ട് അന്തിമ റിപ്പോർട്ടായി അംഗീകരിക്കാൻ സാധ്യമല്ല. കൂടാതെ സഹകരണ വകുപ്പ് സമർപ്പിച്ച മറുപടിയിൽ കേന്ദ്ര സർക്കാരിനോട് നടപടി സ്വീകരിക്കാൻ നിവേദനം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല )

**ശിപാർശ നമ്പർ 2.** ഒരു വർഷത്തെ കാലയളവിനു ശേഷവും തിരിച്ചടവ് നടത്താതെ കടിശ്ശിക വരുത്തുന്ന വായ്പക്കാർക്ക് എതിരെ മാത്രമേ സർഫാസി നിയമപ്രകാരമുള്ള നടപടി ആരംഭിക്കാവൂ എന്ന രീതിയിൽ നിയമഭേദഗതി

വരുത്താനും ഒരുലക്ഷം രൂപയ്ക്ക് മുകളിലുള്ള എന്നതുമാറ്റി പത്തുലക്ഷം രൂപയ്ക്കുമുകളിലുള്ള വായ്പയ്ക്ക് മാത്രമേ നിയമം ബാധകമാവുകയുള്ളൂ എന്ന് നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സഹകരണ (ബി) വകുപ്പ് (27.05.2020 ലെ നം.സഹ-ബി 2/499/2019/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**

RBI-യുടേയും NABARD-ന്റേയും NPA- നോംസ് പ്രകാരം 3 മാസത്തിലധികം കുടിശ്ശിക യാവുന്ന കിട്ടാക്കടം പരിധിയിൽപെടുന്ന വായ്പകളിൽ സ്വീകരിക്കേണ്ട നിയമാനുസൃതമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചതിനു ശേഷവും ടി വായ്പകൾ കിട്ടാക്കടമായി നിൽക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ബാങ്കിന്റെ കിട്ടാക്കടം കുറയ്ക്കുന്നതിന് വേണ്ടി സർഫാസി നിയമം നടപ്പാക്കുവാൻ ബാങ്ക് നിർബന്ധിതമാകുന്നത്. ബാങ്കുകൾ നൽകിയിരിക്കുന്ന വായ്പകളുടെ നല്ലൊരു ഭാഗം 10 ലക്ഷം രൂപ വരെയുള്ള വായ്പകളായതിനാൽ സർഫാസി നടപടി സ്വീകരിക്കുന്നതിനുള്ള വായ്പയുടെ പരിധി 10 ലക്ഷമായി ഉയർത്തിയാൽ കൂടുതൽ വായ്പകളും കിട്ടാക്കടമായി തുടരുകയും ബാങ്ക് പ്രതിസന്ധിയിലാവുകയും ചെയ്യും.മറ്റു മാർഗ്ഗങ്ങളിലൂടെ വായ്പാകുടിശ്ശിക റിക്കവർ ചെയ്യാൻ സാധിക്കാതെ വരുന്ന അടിയന്തിരഘട്ടങ്ങളിൽ മാത്രമാണ് ബാങ്ക് സർഫാസി നിയമപ്രകാരം നടപടി സ്വീകരിക്കുന്നത്.

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.11.2020, 25.01.2021എന്നീ തീയതിയിലുള്ള PLGEA-F 1/47/2020-PLGEA നമ്പർ കത്തുകൾ മുഖേന ലഭിച്ചത്)**

കമ്മിറ്റി ശിപാർശ അനുസരിച്ച് 13.03.2020 ലെ കത്ത് പ്രകാരം ആവശ്യമായ നിയമ ഭേദഗതിക്കായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള വിവരം അറിയിച്ചിട്ടുണ്ട്.

**ശിപാർശ നമ്പർ 3.** കർഷകർ എടുക്കുന്ന എല്ലാത്തരം കടങ്ങളും കാർഷിക കടമായി കാണണമെന്നും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം നിശ്ചിത കാലയളവിനുള്ളിൽ ജോലി ലഭിക്കാത്തതിനാൽ തിരിച്ചടവ് മുടങ്ങിയവരെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനോ അവർക്ക് തിരിച്ചടവിനു കാലാവധി നീട്ടി നൽകാനോ ഉതകുന്ന നിയമഭേദഗതി

കൊണ്ടുവരണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

കർഷകർ കാർഷിക ആവശ്യത്തിന് എടുക്കുന്ന വായ്പകളെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിൽ അപാകതയില്ല. എന്നാൽ കർഷകർ എടുക്കുന്ന ഇതര വായ്പകളെ സർഫാസി നിയമത്തിന്റെ പരിധിയിൽപ്പെ ടുത്താതെ ഒഴിവാക്കിയാൽ വായ്പാ തിരിച്ചടവ് വളരെ പ്രയാസകരമായിരിക്കും. വിദ്യാഭ്യാസ വായ്പയ്ക്ക് നിയമാനുസൃതമായ കാലാവധി നീട്ടി നൽകാറുണ്ട്. കുടിശ്ശികയായ വിദ്യാഭ്യാസ വായ്പകളെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതല്ല.

**ശിപാർശ നമ്പർ** 4. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തോട്ടവിളകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കൃഷിയും ചെയ്യുന്ന ഭൂമി കൃഷിഭൂമിയായിത്തന്നെ കണക്കാക്കി വായ്പ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.11.2020, 25.01.2021എന്നീ തീയതിയിലുള്ള PLGEA-F 1/47/2020-PLGEA നമ്പർ കത്തുകൾ മുഖേന ലഭിച്ചത്)**

കമ്മിറ്റി ശിപാർശ അനുസരിച്ച് 13.03.2020 ലെ കത്ത് പ്രകാരം ആവശ്യമായ നിയമ ഭേദഗതിക്കായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള വിവരം അറിയിച്ചിട്ടുണ്ട്.

**ശിപാർശ നമ്പർ 5.** ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർ തിരിച്ചടവിൽ മൂന്നിൽ രണ്ട് ഗഡുക്കൾ അടച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ ബാക്കിയുള്ള തുകയെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ടു വരുന്ന പരാതികളിൽ ബാങ്കിംഗ് ഓംബുഡ്സ്മാൻ പ്രത്യേകമായ പരിഗണന നൽകുന്നതിനും ഉതകുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സഹകരണ (ബി) വകുപ്പ് (27.05.2020 ലെ നം.സഹ-ബി 2/499/2019/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**

വായ്പയിൽ മൂന്നിൽ രണ്ട് ഭാഗം അടക്കുകയും ബാക്കി തുക കിട്ടാക്കടം (NPA) പരിധിയിൽ വായ്പ ഉൾപ്പെടുകയും ചെയ്താൽ അത്തരം വായ്പകളെ നിയമാനുസൃതമായ സർഫാസി ഉൾപ്പെടെയുള്ള നടപടികളിൽ നിന്നും ഒഴിവാക്കിയാൽ കിട്ടാക്കടം കുറയ്ക്കാനുള്ള ലക്ഷ്യം കൈവരിക്കുക പ്രയാസകരമായിരിക്കും. പലവിധത്തിലുള്ള OTS Scheme ലഭ്യമാക്കി ഇതു പരിഹരിക്കാവുന്നതാണ്.

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.11.2020, 25.01.2021എന്നീ തീയതികളിലുള്ള PLGEA-F 1/47/2020-PLGEA നമ്പർ കത്തുകൾ മുഖേന ലഭിച്ചത്)**

കമ്മിറ്റി ശിപാർശ അനുസരിച്ച് 13.03.2020 ലെ കത്ത് പ്രകാരം ആവശ്യമായ നിയമ ഭേദഗതിക്കായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള വിവരം അറിയിച്ചിട്ടുണ്ട്.

**ശിപാർശ നമ്പർ 6.** ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങൾ വായ്പ നൽകുമ്പോൾ വായ്പയെടുക്കുന്നതിനുള്ള അപേക്ഷ ഫോറം ഇംഗ്ലീഷിൽ മാത്രം അച്ചടിക്കുന്നത് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അപേക്ഷാഫോറത്തിൽ മലയാളം ഉൾപ്പെടെയുള്ള തദ്ദേശീയ ഭാഷകൾ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സഹകരണ (ബി) വകുപ്പ് (27.05.2020 ലെ നം.സഹ-ബി 2/499/2019/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**

അംഗീകരിക്കാവുന്നതാണ്.

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.11.2020, 25.01.2021എന്നീ തീയതികളിലുള്ള PLGEA-F 1/47/2020-PLGEA നമ്പർ കത്തുകൾ മുഖേന ലഭിച്ചത്)**

കമ്മിറ്റി ശിപാർശ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറോട് അഭ്യർത്ഥിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

(എന്നാൽ, സഹകരണ വകുപ്പ് സമർപ്പിച്ച മറുപടിയിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറോട് നടപടി സ്വീകരിക്കാൻ അറിയിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല)

**ശിപാർശ നമ്പർ 7.** മുഴുവൻ കടക്കാരുടെയും വായ്പാ കുടിശ്ശിക സംബന്ധിച്ച് പത്രപ്പരസ്യം നൽകുന്നതിന് ഓരോ വായ്പക്കാരിൽ നിന്നും ഭീമമായ തുക ഈടാക്കുന്ന പ്രവണത ഇല്ലാതാക്കണമെന്നും അപ്രകാരമുള്ള പരസ്യങ്ങൾക്ക് മിതമായ നിരക്ക് മാത്രമേ ഈടാക്കാവൂ എന്ന് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സഹകരണ (ബി) വകുപ്പ് (27.05.2020 ലെ നം.സഹ-ബി 2/499/2019/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**

പത്രപ്പരസ്യ ചെലവിന്റെ ആനുപാതിക വിഹിതം വായ്പാക്കാരിൽ നിന്നും ഈടാക്കുന്ന രീതിയാണ് ബാങ്ക് സ്വീകരിച്ചുവരുന്നത്.

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.11.2020, 25.01.2021എന്നീ തീയതികളിലുള്ള PLGEA-F 1/47/2020-PLGEA നമ്പർ കത്തുകൾ മുഖേനെ ലഭിച്ചത്)**

കമ്മിറ്റി ശിപാർശ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറോട് അഭ്യർത്ഥിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

(എന്നാൽ, സഹകരണ വകുപ്പ് സമർപ്പിച്ച മറുപടിയിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറോട് നടപടി സ്വീകരിക്കാൻ അറിയിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല )

**ശിപാർശ നമ്പർ 8.** വായ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയവരെ സർഫാസി നിയമത്തിന്റെ മറവിൽ മാനസികമായും ശാരീരികമായും ഉപദ്രവിക്കാൻ ഗുണ്ടാസംഘങ്ങളെ ധനകാര്യസ്ഥാപനങ്ങൾ നിയോഗിക്കുന്നതുൾപ്പെടെ സർഫാസി ആക്റ്റിൽ പ്രതിപാദിച്ചിട്ടില്ലാത്ത നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന്

ബാങ്കിംഗ് മേഖലയ്ക്ക് മാത്രമല്ല, മറിച്ച് ആരെല്ലാം പണമിടപാട് നടത്തുന്നുവോ അവർക്കെല്ലാം ബാധകമാകുന്ന വിധത്തിലുള്ള സമഗ്രമായ നിയമനിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**സഹകരണ (ബി) വകുപ്പ് (27.05.2020 ലെ നം.സഹ-ബി 2/499/2019/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**

നിയമവിരുദ്ധ പ്രവർത്തനങ്ങളെ തടയുന്നതിന് സ്വീകരിക്കുന്ന ഏത് നടപടികളോടും യോജിക്കാവുന്നതാണ്.

(ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് തുടർ നടപടികളെ സംബന്ധിച്ച് റിപ്പോർട്ടുകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. )

**ശിപാർശ നമ്പർ 9.** സർഫാസി കടക്കെണിയിൽപ്പെട്ടവർക്ക് സൗജന്യമായി നിയമ സഹായം നൽകുന്നതിനായി കഴിവും താൽപര്യവും ഉള്ള സീനിയർ അഭിഭാഷകർ ഉൾപ്പെടെയുള്ളവരുടെ പ്രത്യേക പാനൽ തയ്യാറാക്കി തുടർനടപടി കൈക്കൊള്ളണമെന്നും ലീഗൽ സർവ്വീസസ് അതോറിറ്റിയോട് ആവശ്യപ്പെട്ട് ഇക്കാര്യത്തിൽ സത്വര നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**നിയമ വകുപ്പ് (17.03.2021 ലെ 12596/H1/2020/നിയമം നമ്പർ കത്ത് മുഖനെ ലഭിച്ചത്).**

1987-ലെ നിയമ സേവന അതോറിറ്റി ആക്ടിന്റെ 12-ാം വകുപ്പ് പ്രകാരം നിയമ സേവന അതോറിറ്റിയ്ക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കാവുന്ന വിഭാഗങ്ങളെ വ്യക്തമാക്കിയിട്ടുണ്ട്. അതു പ്രകാരം നിയമ സഹായം നൽകുന്നതിനായി എല്ലാ ജില്ലാ നിയമ സേവന അതോറിറ്റികളിലും താലൂക്ക് നിയമ സേവന കമ്മിറ്റികളും ഹൈക്കോടതി നിയമ സേവന കമ്മിറ്റിയിലും അഭിഭാഷകരുടെ പാനൽ തയ്യാറാക്കി അതു പ്രകാരം നിയമ സഹായം ലഭ്യമാക്കി വരുന്നുണ്ട്. സർഫാസി ആക്ട് പ്രകാരമുള്ള കേസുകൾക്കു കാരണം മേൽപ്പറഞ്ഞ മാത്രമായി പ്രത്യേക പാനൽ തയ്യാറാക്കിയിട്ടില്ല. ആക്ടിന്റെ 12-ാം വകുപ്പിൽ സൗജന്യ നിയമ സഹായം ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ താഴെയുള്ളവർക്കും വിഭാഗങ്ങൾക്കുമാണ്. ഇപ്രകാരം പരാമർശിക്കപ്പെട്ടിട്ടുള്ള

വിഭാഗങ്ങളിൽപ്പെട്ടുകയാണെങ്കിൽ മാത്രമേ സൗജന്യ നിയമ സഹായം ലഭിക്കുകയുള്ളൂ. അങ്ങനെ ആ വകുപ്പിന്റെ പരിധിയിൽ വരുന്ന ആളുകൾക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കുവാനായി അതത് ജില്ലാ നിയമസഹായ അതോറിറ്റികളിൽ നിലവിലുള്ള അഭിഭാഷകരുടെ പാനലിൽ നിന്നും സർഫാസി നിയമത്തിൽ പ്രാവീണ്യമുള്ളവരെ നിയമിക്കുന്നതിനും അപ്രകാരം പ്രാവീണ്യമുള്ള അഭിഭാഷകർ പാനലിൽ ഇല്ലായെങ്കിൽ അങ്ങനെയുള്ള അഭിഭാഷകരെ പാനലിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശം കൊടുക്കുന്നതാണെന്ന് കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി അറിയിച്ചിട്ടുണ്ട്. അപ്രകാരം സമിതിയുടെ റിപ്പോർട്ടിലെ ശിപാർശയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ നമ്പർ 10.** ചെറിയ തുക വായ്പയെടുത്ത പട്ടികവിഭാഗങ്ങളിലുള്ള പലരും ഇടനിലക്കാരുടെ ഇടപെടലുകൾ മൂലം വായ്പയെക്കുറിച്ചും തിരിച്ചടവിനെക്കുറിച്ചും കൃത്യമായ അറിയിപ്പുകൾ ശ്രദ്ധയിൽപ്പെടാതെ ചതിക്കുഴിയിൽപ്പെടാതിരിക്കാൻ വായ്പയെടുക്കുന്നതിന് മുമ്പായി അവർക്ക് ഉപദേശം നൽകാൻ സംസ്ഥാന സർക്കാർ ക്രെഡിറ്റ് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**പട്ടിക ജാതി പട്ടിക വർഗ്ഗ (എഫ്) വകുപ്പ് (23.03.2021 ലെ എഫ് 3/110/2018/പജപവ വിവ നമ്പർ കത്ത്)**

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാത്രമായി ക്രെഡിറ്റ് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. എന്നതിനാലും അവ സ്ഥാപിച്ച് പ്രവർത്ത നക്ഷമമാകുന്നതിന് കാലതാമസം നേരിടും എന്നതിനാലും നിലവിൽ പ്രവർത്തിക്കുന്ന സെന്ററുകളുടെ ഫിനാൻഷ്യൽ ലിറ്ററസി സേവനം ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്.

സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടേയും (എസ്.എൽ.ബി.സി) ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയുടേയും (ഡി.എൽ.ബി.സി) കീഴിൽ പൊതുജനങ്ങൾക്ക് ബാങ്കിംഗ് ഇടപാടുകൾ, വായ്പകൾ എന്നിവയെ കുറിച്ച് അറിവ് പകർന്നു നൽകുന്നതിനായി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളാണ് ഫിനാൻഷ്യൽ ലിറ്ററസി സെന്ററുകൾ (എഫ്.എൽ.സി). എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പ്രധാന ബാങ്ക് ബ്രാഞ്ചുകളുമായി ബന്ധപ്പെട്ട് എഫ്.എൽ.സി-കൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഈ സെന്ററുകൾ മുഖാന്തിരം വായ്പയെ സംബന്ധിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) വഴി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**ശിപാർശ നമ്പർ 11.** ഒരു നിശ്ചിത തുക വായ്പയെടുത്തതും സർഫാസി നിയമത്തിന്റെ വ്യവസ്ഥപ്രകാരം ഭൂമി നഷ്ടപ്പെടുമെന്ന ഭീഷണിയിലായതുമായ അർഹരായ പാവപ്പെട്ട പട്ടികവിഭാഗങ്ങളിലുള്ളവരുടെ കടം സർക്കാർ തന്നെ തിരിച്ചടച്ച് ജപ്തി നടപടികൾ ഒഴിവാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാനും ക്രമവിരുദ്ധ പ്രവർത്തനങ്ങളിലൂടെ തട്ടിയെടുത്ത ആധാരങ്ങൾ അവർക്ക് തിരികെ ലഭിക്കാനുമുള്ള ഒരു ബൃഹദ്പദ്ധതി സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തരമായി തയ്യാറാക്കി നടപ്പാക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**പട്ടിക ജാതി പട്ടിക വർഗ്ഗ (എഫ്) വകുപ്പ് (23.03.2021 ലെ എഫ് 3/110/2018/പജപവ വിവ നമ്പർ കത്ത്)**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി വായ്പ തട്ടിപ്പിലൂടെ ക്രമ വിരുദ്ധ പ്രവർത്തനങ്ങളിലൂടെ കൈവശപ്പെടുത്തുന്നത്, 1989-ലെ അതിക്രമ നിരോധന നിയമം സെക്ഷൻ 3(1) (g) Explanation D- യും പ്രകാരം - കുറ്റകരമാണ്. അപ്രകാരം നഷ്ടമായ ഭൂമി ആവശ്യമെങ്കിൽ സർക്കാർ ചെലവിൽ വീണ്ടെടുത്ത് നൽകുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ റൂൾസ് 12(4) ഉം Annexure 1 ഉം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002-വ്യവസ്ഥകൾ പ്രകാരം ആരംഭിച്ച നിയമാനുസൃത ജപ്തി നടപടികളും അതിനെ തുടർന്നുള്ള മറ്റു നടപടികളും- The Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1989 3-ഉം വകുപ്പിലുൾപ്പെട്ട 6300 കുറ്റകൃത്യമായി കണക്കാക്കാൻ സാധിക്കുകയില്ല.

**ശിപാർശ നമ്പർ 12** .വായ്പാ കുടിശ്ശിക വരുത്തുന്നവർക്കെതിരെയുള്ള നടപടിയുടെ ഭാഗമായി ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും വായ്പക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടെയും ഫോട്ടോ/മേൽവിലാസം സഹിതം പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പരസ്യങ്ങൾ നൽകുന്നതും ബോർഡുകൾ വയ്ക്കുന്നതും വ്യക്തിയുടെ സ്വകാര്യതയുടെ ലംഘനമായി കണ്ട് അപ്രകാരം ചെയ്യുന്ന ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

**ആഭ്യന്തര (എം) വകുപ്പ് (29.12.2023 -ലെ എം 2/52/2023/ആഭ്യന്തരം നമ്പർ കത്ത് )**

ബാങ്ക് വായ്പാ കുടിശ്ശിക വരുത്തുന്നവർക്കെതിരെ സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വായ്പയിൽ വീഴ്ച വരുത്തിയവരുടെ ഫോട്ടോ, മേൽവിലാസം എന്നിവ പൊതുജനം കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുള്ളത് സംബന്ധിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഇപ്രകാരമുള്ള പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ ആയതിന്റെ നിയമവശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർ മുഖേന എല്ലാ സബ് ഡിവിഷനുകളിലേക്കും, എല്ലാ Station House officer മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആഭ്യന്തര (എസ്.സി) വകുപ്പ് (11.06.2021 –ലെ എസ്.സി 3/154/2020/ആഭ്യന്തരം നമ്പർ കത്ത് )**

ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

**ഭാഗം – II – സമിതിക്കു ലഭിച്ച നിവേദനങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | പേര് | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | ശ്രീ. ജയപ്രകാശ്, പ്രകാശ് കാഷ്യു കമ്പനി, കൊല്ലം | കശുവണ്ടി വ്യവസായി ആയ ശ്രീ. ജയപ്രകാശ് കൊല്ലം കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും ബിസിനസ്സ് ആവശ്യത്തിലേക്കായി വായ്പയെടുത്തിരുന്നു. വ്യവസായം നഷ്ടമായപ്പോൾ സ്വന്തം വീടും ഫാക്ടറിയും വിറ്റ് ബാങ്കിൽ ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ അടച്ചുവെങ്കിലും ഒരുകോടി നാൽപത് ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. ഇതിന് സെക്യൂരിറ്റിയായി നൽകിയിരുന്ന ഫാക്ടറിയും ബന്ധുവിന്റെ തൊണ്ണൂറ് സെൻ്റ് സ്ഥലവും ജപ്തിചെയ്യുന്നതിനുള്ള നടപടികളും ബാങ്ക് ആരംഭിച്ചിരിക്കുകയാണ്. സാവകാശം നൽകുവാൻ ബാങ്കിനോട് അപേക്ഷിച്ചുവെങ്കിലും വീട്ടിൽ നിന്ന് ഇറക്കിവിടുകയാണ് ചെയ്തതെന്നും | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | കോടതിയിൽപോലും ചോദ്യം ചെയ്യാൻ കഴിയാത്ത സർഫാസി നിയമത്തിലൂടെയുള്ള നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നമാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. | |
| 2. | ശ്രീ. വിനോദൻ വി. കെ കൊയിലാണ്ടി | നിപ രോഗം പടർന്ന കാലത്ത് കോഴിക്കോട് മെഡിക്കൽ കോളേജിലെ ദിവസവേതന തൊഴിലാളിയായിരുന്ന ശ്രീ. വിനോദൻ വി.കെ. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഭവനനിർമ്മാണത്തിനായി മൂന്ന് ലക്ഷം രൂപ വായ്പയെടുക്കുകയും സാമ്പത്തിക പരാധീനത കാരണം പിന്നീട് തിരികെയടക്കാൻ കഴിയാത്തതു വഴി അത് ആറ് ലക്ഷം രൂപയായി മാറുകയും ചെയ്തു. വായ്പത്തുകയായ മൂന്ന് ലക്ഷം രൂപ രണ്ട് തവണകളായി അടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും സർഫാസി നിയമപ്രകാരമുള്ള ജപ്തിനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നമാണ് ശ്രീ. വിനോദന്റെ അപേക്ഷ | **സഹകരണ (ബി) വകുപ്പ് (12.01.2023 ലെ ബി 2/95/2020/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**<br>08.03.2021 ന് വായ്പ തീർപ്പാക്കി |
| 3. | ശ്രീമതി. രമ. കെ. കെ | ശ്രീമതി രമ കെ. കെ. ചെരുപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശ്ശൂർ കോടാലി ബ്രാഞ്ചിൽ നിന്നും മുപ്പത്തിയഞ്ച് ലക്ഷം രൂപ വായ്പയും ഒന്നേകാൽ കോടി രൂപ ഓവർ ഡ്രാഫ്റ്റും എടുത്തിരുന്നു. | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.08.2020 ലെ PLGEA-F 1/58/2020-PLGEA നമ്പർ കത്ത്)**<br>സർഫാസി നിയമം സംബന്ധിച്ച നിയമസഭാ |

| | | | |
|---|---|---|---|
| | | അവിചാരിതമായ കാരണങ്ങളാൽ യൂണിറ്റ് ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിലും മുപ്പത്തഞ്ച് ലക്ഷം രൂപ വായ്പയിൽ ഇരുപത്തി ഒൻപത് ലക്ഷം രൂപയും 'തിരികെ അടച്ചു. എങ്കിലും വസ്തുവകകൾ ജപ്തിചെയ്യുന്നതിനുള്ള നോട്ടീസ് ബാങ്കിൽ നിന്നും ലഭിച്ചിരിക്കുകയാണ്.തന്റെ വസ്തു വകകൾ വിറ്റ് പ്രസ്തുത വായ്പകൾ തിരികെ അടയ്ക്കുന്നതിന് പന്ത്രണ്ട് മാസത്തെ സാവകാശം നൽകണമെന്നാണ് പരാതിക്കാരിയുടെ അപേക്ഷ. | അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജ്ജികൾ സംബന്ധിച്ച് അന്വേഷിച്ച് തുടർനടപടികൾ കൈക്കൊള്ളുവാൻ കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക 20-ൽ കമ്മിറ്റി നിർദ്ദേശിക്കുന്നുണ്ട്. അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ ശ്രീമതി.രമ കെ.കെ സമർപ്പിച്ച ഹർജ്ജിയിൽ (ക്രമനം.3) ചെരുപ്പ് നിർമ്മാണ സംരംഭത്തിനായി എസ്.ബി.ഐ കോടാലി ശാഖയിൽ നിന്നും 02.09.2013 ൽ 35ലക്ഷം രൂപ ടേം ലോണായും 1.25 കോടി ഒഡി യായും വായ്പയെടുത്തതായും സംരംഭം ആരഭിക്കുന്നതിന ലൈസൻസ് ലഭിച്ചെങ്കിലും നിർമ്മാണം ആരംഭിച്ചപ്പോൾ അയൽവാസികൾ തടസ്സപ്പെടുത്തിയതായും തുടർന്ന് ഹൈക്കോടതി ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡിംഗ് നമ്പർ ലഭിച്ചിരുന്നതായും തുടർന്ന് മെഷിനറികൾ ഇറക്കുന്ന സമയത്ത് സമീപവാസികൾ തടസം ഉന്നയിച്ചതിനെതുടർന്ന് മെഷീനറികൾ വാഹനം ഉൾപ്പെടെ പോലീസ് പിടിച്ചെടുത്തതായും തുടർന്ന് ഹൈക്കോടതി ഇടപെടലിനെ തുടർന്ന് മെഷീനറികൾ സ്ഥാപിച്ചതായും വൈദ്യുതി |

| | | | |
|---|---|---|---|
| | | | കണക്ഷൻ ലഭിക്കുവാൻ വീണ്ടും കാലതാമസമുണ്ടായതായും മേൽ പറഞ്ഞ കാരണങ്ങളാൽ സംരംഭം ഇതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും സംരംഭം യഥാസമയം പ്രവർത്തനം ആരംഭിച്ചിരുന്നെങ്കിൽ വായ്പ തിരിച്ചടക്കുവാൻ തനിക്ക് കഴിയുമായിരുന്നെന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്ത് നിന്നും മനഃപൂർവ്വമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലെന്നും പ്രതികൂല സാഹചര്യത്തിലും 35ലക്ഷം രൂപ ടേംലോണിൽ 29.03911 ലക്ഷം രൂപ താൻ തിരികെ അടവാക്കിയതായും ഒ.ഡി വായ്പ ഓവർഡ്യൂ ഇല്ലെന്നും വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനായി സംരംഭം വിൽക്കുന്നതിന് തനിക്ക് സമയം ആവശ്യമുണ്ടെന്നും വായ്പ തിരിച്ചടവിനായി 12 മാസത്തെ സമയം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.<br><br>ഹർജ്ജിയിന്മേൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുടേയും എസ്.ബി.ഐ യുടേയും റിപ്പോർട്ടുകൾ സർക്കാർ തേടിയിരുന്നു. ഹർജ്ജിക്കാരിയുടെ സ്ഥാപനത്തിനായി 35ലക്ഷം രൂപ ടേംലോണും 1.25കോടിരൂപ ക്യാഷ് |

| | | | |
|---|---|---|---|
| | | | ക്രെഡിറ്റ് ഫെസിലിറ്റിയും 12.02.2016 ൽ അനുവദിച്ചതായും വായ്പ തിരിച്ചടവ് മുടങ്ങിയതിനാൽ 01.09.2018 ൽ വായ്പ എൻ.പി.എ ആയതായും പരിശോധനയിൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെന്ന്കണ്ടെത്തിയതായും സർഫാസി നടപടികൾ ബാങ്ക് ആരംഭിച്ചതായും എറണാകുളം ഡി.ആർ.റ്റി യിൽ ഫയൽ ചെയ്ത കേസ് 02.04.2020ൽ കേൾക്കുന്നതായും സർഫാസി നിയമം 13(2) അനുസരിച്ചുള്ള നോട്ടീസ് 28.01.2020 ന് നൽകിയെങ്കിലും റെസല്യൂഷൻ പ്ലാനുമായി യൂണിറ്റ് ഇതുവരെ ബാങ്കിനെ സമീപിച്ചിട്ടില്ലെന്നും 16.03.2020 ലെ കണക്കനുസരിച്ച് 2.14കോടി രൂപ കുടിശ്ശികയുണ്ടെന്നും പൊതുജനത്തിന്റെ വലിയൊരുതുക ഉൾപ്പെട്ട ഈ കേസിൽ ബാങ്ക് തുടർനടപടികളുമായി മുന്നോട്ടുപോകുന്നതായും എന്നിരുന്നതായും ഹർജ്ജിക്കാരന് കോംപ്രമൈസ് പ്ലാനുമായി ബാങ്കിനെ സമീപിക്കാവുന്നതാണെന്നും ബാങ്ക് അത് പരിശോധിക്കുന്നതാണെന്നും എസ്.ബി.ഐ അറിയിച്ചിട്ടുണ്ട്.<br><br>ബാങ്കിന്റെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരിക്ക് ബാങ്കുമായി |

| | | | |
|---|---|---|---|
| | | | നേരിട്ട ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ കോംപ്രമൈസ് സെറ്റിൽമെൻ്റ് പ്രകാരം വായ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സർക്കാർ ഹർജ്ജിക്കാരിയെ അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 4. | ശ്രീ. ഹനീഫ യു. വി. | ശ്രീ. ഹനീഫ യു. വി. ബിസിനസ്സ് ആവശ്യത്തിലേക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറിൽ നിന്നും പതിനെട്ട് രൂപയും ഭവനനിർമ്മാണത്തിനായി മുപ്പത് ലക്ഷം രൂപയും വായ്പ എടുത്തിരുന്നു. നോട്ട് നിരോധനവും ജി.എസ്.ടി. യും വന്നതിനെത്തുടർന്ന് വ്യാപാരം തകരുകയും വായ്പ തിരിച്ചടവ് മുടങ്ങുകയും ചെയ്തു. അൻപതിനായിരം രൂപ അടച്ച് റെഗുലറൈസ് ചെയ്യാമെന്ന് അറിയിച്ചുവെങ്കിലും രണ്ട് ലോണുകളും ചേർത്ത് സർഫാസി നിയമത്തിലൂടെ ജപ്തി നോട്ടീസ് അയയ്ക്കുകയും ചെയ്തു. ഒന്നേമുക്കാൽ കോടി രൂപ മൂല്യമുള്ള വസ്തു ആണ് പതിനെട്ട് ലക്ഷം രൂപയുടെ ലോണിന് ഈട് കൊടുത്തിട്ടുള്ളത്. വസ്തുവിൽ കടബാദ്ധ്യത തീർക്കാൻ പര്യാപ്തമായ ഒരു ഭാഗം മാത്രം ഏറ്റെടുത്തുകൊണ്ടോ സാവകാശം | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | നൽകിയോ പ്രശ്നം പരിഹരിക്കണമെന്നതാണ് അപേക്ഷ. | |
| 5. | ശ്രീ. എൻ. ചന്ദ്രനാഥൻ, തിരുവനന്തപുരം | പട്ടികജാതിക്കാരനായ ശ്രീ. എം. ചന്ദ്രനാഥൻ പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നടത്തുന്നതിനായി ഫെഡറൽ ബാങ്കിന്റെ കാട്ടാക്കട ശാഖയിൽ നിന്നും 25 ലക്ഷം രൂപയുടെ വായ്പയെടുത്തിരുന്നു. കൃത്യമായി തിരികെയടച്ചുകൊണ്ടിരുന്ന പ്രസ്തുത വായ്പ അക്കൗണ്ട് പുതുക്കണമെന്ന നോട്ടീസ് അതിലെ അവസാന ദിവസത്തിനുശേഷമാണ് അദ്ദേഹത്തിന് ലഭിച്ചത്. ഇതിനിടെ 28-3-2017 വരെ ഇടപാട് നടത്തിയിരുന്ന പ്രസ്തുത അക്കൗണ്ട് 31-3-2017-ൽ ബാങ്ക് എൻ.പി.എ ആക്കുകയും ജപ്തിനടപടികൾ നടത്തുകയും ചെയ്തു. ജപ്തി ഭയന്ന് ഒന്നരക്കോടി വിലമതിക്കുന്ന വീടും വസ്തുവും അതിന്റെ മൂന്നിലൊന്ന് തുകയ്ക്ക് അദ്ദേഹത്തിന് വിൽക്കേണ്ടതായി വന്നു. മതിയായ കാരണങ്ങൾ ഇല്ലാതെ വായ്പാ അക്കൗണ്ട് എൻ.പി.എ ആക്കിയതിനെതിരെ യാണ് അദ്ദേഹം പരാതി സമർപ്പിച്ചിട്ടുള്ളത്. | <u>ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (08.07.2021 ലെ PLGEA-F 2/50/2020-PLGEA നമ്പർ കത്ത്)</u><br><br>ഫെഡറൽ ബാങ്കിന്റെ കാട്ടാക്കട ശാഖയിൽ നിന്നും 2013ൽ ശ്രീ. ചന്ദ്രനാഥൻ 25,00,000/- രൂപയുടെ ഓവർഡ്രാഫ്റ്റ് ക്യാഷ് ക്രെഡിറ്റ് എടുത്തിരുന്നുവെന്നും ആവശ്യമായ രേഖകൾ യഥാസമയം സമർപ്പിച്ച് ഓവർഡ്രാഫ്റ്റ് ലിമിറ്റ് പുതുക്കിയിട്ടില്ലായിരുന്നുവെന്നും കൂടാതെ 2016 സെപ്റ്റംബർ മുതൽ ടിയാന്റെ ബിസിനസ് ഇടപാടുകൾ ടി ബാങ്ക് അക്കൌണ്ടിലൂടെയല്ല നടത്തിയത് എന്നും ഇത് വ്യവസ്ഥകളുടെ ലംഘനമാണെന്നും ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>31/03/2017 ൽ അക്കൗണ്ട് |

| | | | |
|---|---|---|---|
| | | | നിഷ്ക്രിയ ആസ്തിയായതിനെ തുടർന്ന് 10/04/2017 സർഫാസി നിയമ പ്രകാരമുള്ള ഡിമാൻ്റ് നോട്ടീസ് നൽകുകയും ഇതിനെതിരെ ഹർജിക്കാരൻ 18962/2017 നമ്പർ കേസ് ഫയൽ ചെയ്യുകയും 20/07/2017 മുതൽ 12 തുല്യ മാസ ഗഡുക്കളായി തുക അടയ്ക്കാൻ കോടതി ഉത്തരവാകുകയുമുണ്ടായി. ടി ഉത്തരവ് പാലിക്കുന്നതിൽ ഹർജിക്കാരന് വിഴ്ച ഉണ്ടായതിനാൽ ബാങ്ക് റിക്കവറി നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് 05/10/2017ൽ ഹർജിക്കാരൻ വായ്പ തീർപ്പാക്കിയതാണ്.<br>വായ്പ തീർപ്പാക്കിയ ശേഷം ഹർജിക്കാരൻ മനുഷ്യാവകാശ കമ്മീഷൻ, ലീഡ് ബാങ്ക് മാനേജർ, റിസർവ് ബാങ്ക്, മുഖ്യമന്ത്രി , പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ, പട്ടിക ജാതി പട്ടിക |

| | | | |
|---|---|---|---|
| | | | ഗോത്രവർഗ്ഗ കമ്മീഷൻ തുടങ്ങി വിവിധ ഫോറങ്ങളിൽ പരാതി നൽകി വരികയും മേൽ സ്ഥാപനങ്ങളൊക്കെ തന്നെ വസ്തുതകൾ പരിശോധിച്ച ശേഷം പരാതി നിലനിൽക്കുന്നതല്ല എന്ന് കണ്ട് തീർപ്പാക്കിയിട്ടുള്ളതുമാണ്.<br><br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് വായ്പ എൻ.പി.എ ആക്കിയതെന്നും വായ്പാ തിരിച്ചടവിന് 12 മാസത്തെ സമയം കോടതി അനുവദിച്ചിരുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് വീടും സ്ഥലവും വിൽപ്പന നടത്തേണ്ട സാഹചര്യമില്ലായിരുന്നുവെന്നും ടി വിൽപ്പന സംബന്ധിച്ച് ബാങ്കിന് അറിവില്ലായിരുന്നുവെന്നുമുള്ള വിവരങ്ങളാണ് ഫെഡറൽ ബാങ്ക് കാട്ടാക്കട ശാഖാ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് |
| 6. | ശ്രീ. അന്ത്രു ഹാജി, വയനാട്. | ശ്രീ. അന്ത്രു ഹാജി വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ കെല്ലൂർ ബ്രാഞ്ചിൽ നിന്നും പീടിക നിർമ്മിക്കുന്നതിനായി എട്ട് ലക്ഷം രൂപ വായ്പയെടുത്തു. കെട്ടിടം പൂർത്തിയാക്കിയെങ്കിലും | **സഹകരണ (ബി) വകുപ്പ് (12.01.2023 ലെ ബി 2/95/2020/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).** |

| | | | |
|---|---|---|---|
| | | വാടകയ്ക്ക് നൽകാൻ കഴിയാത്തതുകൊണ്ടും പ്രളയംമൂലം കൃഷി നശിച്ചതുകൊണ്ടും മൂന്ന് അടവ് തെറ്റിയതിനെത്തുടർന്ന് ബാങ്ക് നോട്ടീസ് അയച്ചു. തുടർന്ന് മാനേജരെ കണ്ട് തിരികെയടയ്ക്കുന്നതിനുള്ള സാവകാശം വാക്കാൽ വാങ്ങിയെങ്കിലും ഉടൻ തന്നെ കുടിശ്ശിക സംബന്ധിച്ച് ബാങ്ക് പത്രപരസ്യം നൽകുകയും ചെയ്തു. കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം വേണമെന്നും സർഫാസി നിയമപ്രകാരമുള്ള നടപടികൾ ഒഴിവാക്കി നൽകണമെന്നമാണ് അദ്ദേഹത്തിന്റെ അപേക്ഷ | 29.01.2019-ന് വായ്പ തീർപ്പാക്കി |
| 7. | ശ്രീ. എം. ആർ. രാജീവ്, മൂവാറ്റുപുഴ. | ശ്രീ. എം. ആർ. രാജീവ് വീടും സ്ഥലവും വാങ്ങുന്നതിനായി 2014 ൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മൂവാറ്റുപുഴ ശാഖയിൽ നിന്നും ഒൻപത് ലക്ഷം രൂപ വായ്പയെടുത്തിരുന്നു. കൃത്യമായി അടയ്ക്കാൻ കഴിയാതിരുന്നതുകാരണം ബാങ്ക് സർഫാസി നിയമപ്രകാരമുള്ള നടപടികൾ -സ്വീകരിക്കുകയും വസ്തുവിൽ ബോർഡും നോട്ടീസും സ്ഥാപിക്കുകയും ചെയ്തു. വായ്പ തിരികെയടക്കാനുള്ള ശേഷിയില്ലാത്തതിനാൽ ജപ്തിനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നാണ് അപേക്ഷ. | **സഹകരണ (ബി) വകുപ്പ് (12.01.2023 ലെ ബി 2/95/2020/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**<br>ശ്രീ. എം ആർ രാജീവ് 27/03/2014 ൽ എടുത്ത 9,00,000/- രൂപയുടെ വായ്പ 27/06/2014 മുതൽ കുടിശ്ശികയാകുകയും 27/09/2014 ന് നിഷ്ക്രിയ ആസ്തിയായി മാറുകയും ചെയ്തു. ഫോൺ മുഖേനയും, നേരിട്ടും നോട്ടീസ് മുഖാന്തരവും നിരവധി തവണ ശാഖാ അധികാരികൾ വായ്പക്കാരനെ ബന്ധപ്പെടുകയും സർക്കാർ തലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | കുടിശ്ശിക നിർമ്മാർജ്ജന പദ്ധതികളും അറിയിക്കുകയും ആയത് പ്രകാരം വായ്പാ കണക്ക് അവസാനിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ടി വായ്പ കുടിശ്ശികയായി 7 വർഷം സാവകാശം അനുവദിച്ചതിനു ശേഷമാണ് 17/04/2021 ന് ബാങ്ക് ആർബിട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളത്. മാത്രമല്ല 25/08/2021 ലെ ARC 143/2021 നമ്പർ ഉത്തരവ് പ്രകാരം ബാങ്കിന് അനുകൂലമായി വിധി ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നടപടികളേത്തുടർന്നും വായ്പ കണക്ക് അവസാനിപ്പിക്കാൻ വായ്പക്കാരൻ തയ്യാറാകാത്തതിനേത്തുടർന്നാണ് സർഫാസി നിയമപ്രകാരം 25/07/2022 ന് വസ്തു കൈവശപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. എന്നിരുന്നാലും ബാങ്കിൻ്റെ നിലവിലുള്ള നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയുടെ വ്യവസ്ഥകൾക്ക് ഇളവുകളോടെ വിധേയമായി വായ്പാ അർഹമായ കണക്ക് അവസാനിപ്പിക്കാവുന്നതാണെന്നുള്ള വിവരം 11/08/2022 ന് ബാങ്കിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും ശ്രീ.എം ആർ രാജീവിനെ അറിയിച്ചിട്ടുണ്ട്. |
| 8. | ശ്രീ. അബ്ദുൾ | കാസർഗോഡ് ജില്ലയിലെ ശ്രീ. | **<u>സഹകരണ (ബി) വകുപ്പ്</u>** |

| | | | |
|---|---|---|---|
| | അസീസ് ,<br><br>നീലേശ്വരം | അബ്ദുൾ അസീസ്-2014-ൽ നീലേശ്വരം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ നിന്നു പത്തുലക്ഷം രൂപ വായ്പയെടുക്കുകയും അതിൽ ഒരുലക്ഷത്തി അറുപത്തിഅയ്യായിരം രൂപ തിരികെയടയ്ക്കുകയും ചെയ്തു. മൂന്ന് മാസം ലോൺ കടിശ്ശികയായതുകൊണ്ട് ഇദ്ദേഹത്തിന്റെ കൃഷിസ്ഥലം ബാങ്ക് കൈവശപ്പെടുത്തി ഇത് കാരണം കൃഷി തുടരുവാനോ കാലവർഷക്കെടുതിയിൽ ഉണ്ടായ കൃഷിനാശത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനോ കഴിഞ്ഞിട്ടില്ല. കൃഷിഭൂമി ജപ്തി ചെയ്യാൻ പാടില്ലെന്നിരിക്കെ അപ്രകാരം ജപ്തിനടപടി സ്വീകരിച്ചത് ഒഴിവാക്കണമെന്നതാണ് അപേക്ഷ | **(12.01.2023 ലെ ബി 2/95/2020/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**<br>ശ്രീ അബ്ദുൾ അസീസ് 30/12/2014 തീയതിയിൽ എടുത്ത പത്ത് ലക്ഷം രൂപ വായ്പ നാല് മാസത്തിനുള്ളിൽ തന്നെ നിഷ്ക്രിയ ആസ്തി ആയി. അതിനുശേഷം നോട്ടിസ് മുഖേനയും നേരിട്ടും പല തവണയായി ബന്ധപ്പെട്ടിട്ടും ശ്രീ അബ്ദുൽ അസീസ് ഒരു ഗഡു സംഖ്യ പോലും വായ്പ കണക്കിൽ തിരിച്ചടവ് നടത്തിയിട്ടില്ല. ഏഴ് പ്രാവശ്യമായി ബഹു. കേരള മുഖ്യമന്ത്രി, ബഹു, സഹകരണ വകുപ്പ് മന്ത്രി എന്നിവർക്ക് ടിയാൻ സമർപ്പിച്ച നിവേദനം പരിഗണിച്ച് ബാങ്ക് ഇളവുകൾ നൽകാൻ തയ്യാറായെങ്കിലും വായ്പ തിരിച്ചടക്കാൻ ടിയാൻ തയ്യാറായിട്ടില്ല.<br><br>വായ്പ കടിശ്ശികയായതിനാൽ ഈട് വസ്തുക്കൾ സർഫാസി ആക്ട് പ്രകാരം ശ്രീ.അബ്ദുൾ അസീസിൽ നിന്നും ഒഴിപ്പിച്ച് ആയതിൻ്റെ കൈവശാവകാശം ബാങ്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ എൽപ്പിച്ച് കൊടുത്തിട്ടുണ്ട്.<br><br>മേൽ പ്രകാരമുള്ള ജപ്തി നടപടികൾക്ക് ശേഷവും ടിയാൻ തന്റെ പേരിലുള്ള വായ്പാ കുടിശ്ശിക തുക അടച്ച |

| | | | |
|---|---|---|---|
| | | | തീർക്കാത്തതിനാൽ ഈട് വസ്തു പരസ്യ ലേലം നടത്തി 23,51,000/-രൂപയ്ക്ക് ശ്രീമതി. ഫാസില ഒ. ടി., D/o മുഹമ്മദ് കുഞ്ഞി, എ. കെ.ഹൗസ്, കാലിച്ചാനടുക്കം എന്നവർ ലേലം കൊള്ളുകയും ലേലം തുകയിൽ 21,34,886/രൂപ വായ്പ ബാധ്യതയിലേക്ക് വകയിരുത്തി ബാക്കി 2,16,114/- രൂപ നേരിട്ട് കൈപ്പറ്റുന്നതിനോ അക്കൗണ്ടിലേക്ക് മാറ്റുകയോ ചെയ്യുന്നതിന് 11-11-2022 തീയതിയിൽ ബാങ്ക് ടിയാന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| 9. | ശ്രീ. കെ. കെ. പോൾ, വയനാട് | കേരള ഗ്രാമീൺ ബാങ്കിൻ്റെ നടവയൽ ശാഖയിൽ നിന്നും ഒന്നരലക്ഷം രൂപ കാർഷികവായ്പയെടുത്ത ശ്രീ. കെ. കെ. പോളിന്റെ കൃഷിഭൂമി ജപ്തിചെയ്യാം ബാങ്ക് അധികൃതർ ശ്രമിക്കുകയും എന്നാൽ അതിനെതിരെ അദ്ദേഹം ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണലിനെ സമീപിക്കുകയും ചെയ്തു. വായ്പാ തുക രണ്ടരലക്ഷം രൂപയായി കാണിച്ച് ബാങ്ക് അയച്ച ഡിമാന്റ് നോട്ടീസിനെതിരെ ഡി.ആർ.ടി. യിൽ നിന്നും അദ്ദേഹത്തിന് അനുകൂലമായ വിധിയുണ്ടാകുകയും സർഫാസി നിയമപ്രകാരമുള്ള നടപടികൾ പിൻവലിക്കുകയും ചെയ്തു. എന്നാൽ ബാങ്കിന്റെ ഭാഗത്തുനിന്നുള്ള തെറ്റായ നടപടികൾ മൂലം കേസ് | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | നടത്തുന്നതിനും മറ്റുമായി ഉണ്ടായ ഭീമമായ ചെലവ്, മാനസികമായുണ്ടായ ബുദ്ധിമുട്ടുകൾ എന്നിവയ്ക്കെതിരെ കുറ്റക്കാരായ ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കണമെന്നതാണ് അദ്ദേഹത്തിന്റെ ആവശ്യം. | |
| 10. | ശ്രീ. നാണു, കോഴിക്കോട് | ശ്രീ. നാണു കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ പാറക്കടവ് ശാഖയിൽ നിന്നും 2013-ൽ അഞ്ച് ലക്ഷം രൂപ വായ്പയെടുക്കുകയും 2017 വരെ പലിശയിനത്തിലും പിഴപ്പലിശ ഇനത്തിലുമായി മൂന്ന് ലക്ഷത്തി ആറായിരം രൂപ തിരികെയടക്കുകയും ചെയ്തു. ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടതും 77% ശാരീരിക വൈകല്യമുള്ള വ്യക്തിയുമായ ഇദ്ദേഹത്തിന്റെ ഇരുപത്തി എട്ട് സെന്റ് സ്ഥലവും കിടപ്പാടവും ജപ്തിചെയ്യുവാൻ സർഫാസി നിയമപ്രകാരം നോട്ടീസ് നൽകിയിരിക്കുകയാണ്. ബാക്കി തുക തിരികെയട യ്ക്കുന്നതിന് സാവകാശം നൽകണമെന്നാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. | **<u>സഹകരണ (ബി) വകുപ്പ് (12.01.2023 ലെ ബി 2/95/2020/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).</u>**<br><br>ശ്രീ.നാണു 07/03/2015 ന് എടുത്ത 5 ലക്ഷം രൂപയുടെ വായ്പയിൽ തിരിച്ചടവ് മുടങ്ങിയതിനേത്തുടർന്ന് സർഫാസി നിയമപ്രകാരം 31/01/2019 ന് ബാങ്ക് ജാമ്യവസ്തു കൈവശപ്പെടുത്തുകയുണ്ടായി. തുടർന്ന് വസ്തു വാല്യുവേഷൻ നടത്തി റിസർവ്വ് പ്രൈസ് നിശ്ചയിച്ച് വായ്പക്കാരനെ അറിയിച്ചിട്ടുള്ളതാണ്.<br><br>ടി വായ്പയിലേക്ക് പലിശയിനത്തിൽ 1,35,161/- രൂപയും മറ്റ് ചാർജ്ജിനത്തിൽ 25,839/- രൂപയുമാണ് തിരിച്ചടവ് വന്നിട്ടുള്ളത്. നിലവിൽ ടി വായ്പയിൽ ആകെ 9,44,638/- രൂപ ബാക്കി നില്പും അതിൽ 6,61,848/- രൂപ കുടിശ്ശികയുമാണ്. ടി വായ്പ നിഷ്ക്രിയ ആസ്തിയിൽപ്പെട്ടതാണ്. വായ്പാ കണക്ക് |

| | | | |
|---|---|---|---|
| | | | അവസാനിപ്പിക്കുന്നതിന്<br>ടിയാൾക്ക് നിരവധി തവണ<br>അവസരം നൽകിയിരുന്നു.<br>വായ്പ  കണക്ക്<br>തീർപ്പാക്കുന്നതിന്<br>സന്നദ്ധനാകുന്ന പക്ഷം<br>ബാങ്കിൽ നിലവിലുള്ള 100 ദിന<br>കർമ്മ പരിപാടിയിൽ<br>ഉൾപ്പെടുത്തി ഇളവുകളോടെ<br>വായ്പ പരമാവധി<br>തീർപ്പാക്കാവുന്നതാണെന്ന്<br>08/08/2022 ന് കോഴിക്കോട്<br>റീജിയണൽ ഓഫീസിൽ നിന്ന്<br>വായ്പക്കാരനെ അറിയിച്ചിട്ടുണ്ട്. |
| 11. | ശ്രീ. എം. ജെ.<br>ജോൺ, തൊടുപുഴ | ശ്രീ. എം. ജെ. ജോൺ മകന്റെ<br>വിദ്യാഭ്യാസത്തിനുവേണ്ടി<br>സിൻഡിക്കേറ്റ് ബാങ്കിന്റെ<br>തൊടുപുഴ ബ്രാഞ്ചിൽ നിന്നും<br>2008-ൽ ഏഴ് ലക്ഷത്തി<br>ഇരുപത്തിയേഴായിരം രൂപ വായ്പ<br>യെടുത്തിരുന്നു. തുടർന്ന് 2012-ൽ<br>മകനും ഭാര്യയും ഒരു<br>കാറപകടത്തിൽ മരിച്ചു.<br>നിലവിൽ വായ്പത്തുക<br>ഇരുപത്തിമൂന്ന് ലക്ഷം കവിഞ്ഞു.<br>വായ്പയെടുക്കുന്ന വിദ്യാർത്ഥിക്ക്<br>ഇൻഷ്വറൻസ് കവറേജ് ഉണ്ടെന്ന്<br>ബാങ്കിൽ നിന്നും അറിയിച്ചി<br>രുന്നുവെങ്കിലും ബാങ്കിന്റെ<br>അശ്രദ്ധമൂലം ഇൻഷ്വറൻസ്<br>എടുത്തിരുന്നില്ല. ഇപ്പോൾ<br>വിദ്യാഭ്യാസ വായ്പയ്ക്കു വേണ്ടി<br>ഈട് വച്ച കിടപ്പാടം സർഫാസി<br>നിയമപ്രകാരം<br>ജപ്തിചെയ്തിരിക്കുകയാണ്.<br>മരണപ്പെട്ട മകന്റെ പേരിലുള്ള<br>വിദ്യാഭ്യാസ വായ്പ | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | എഴുതിത്തള്ളണമെന്നാണ് അദ്ദേഹത്തിന്റെ അപേക്ഷ. | |
| 12. | ശ്രീ. പി. എം. മാത്യു | ശ്രീ പി. എം. മാത്യു, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും പത്തുലക്ഷം രൂപ കാർഷിക വായ്പയെടുക്കുകയും 2018 വരെ പുതുക്കി വരികയും ചെയ്തു. എന്നാൽ സർക്കാരിന്റെ മൊറട്ടോറിയം നിലനിൽക്കെ തന്നെ 2019 ജൂൺ മാസത്തിൽ ജപ്തിനടപടികൾക്കായി ഏജൻസിയെ ഏൽപ്പിച്ചു. പ്രകൃതിക്ഷോഭം നേരിട്ടതു കാരണമാണ് വായ്പ അടയ്ക്കാൻ കഴിയാതിരുന്നത് എന്നും തുടർന്ന് അടയ്ക്കുന്നതിന് കാലാവധി അനുവദിച്ച് നൽകണമെന്നുമാണ് ഇദ്ദേഹത്തിന്റെ അപേക്ഷ | **സഹകരണ (ബി) വകുപ്പ് (12.01.2023 ലെ ബി 2/95/2020/സഹ നമ്പർ കത്ത് മുഖേന ലഭിച്ചത്).**<br>18.03.2022 ന് വായ്പ തീർപ്പാക്കിയിട്ടുണ്ട്. |
| 13. | ശ്രീ. എസ്. സാമു, കൊല്ലം | സിൻഡിക്കേറ്റ് ബാങ്കിന്റെ തൊളിക്കോട് ശാഖാ മാനേജർ വായ്പ അക്കൗണ്ടിൽ കൃത്രിമം കാട്ടി സർഫാസി നിയമനടപടികൾക്ക് വിധേയമാക്കിയെന്നും ജപ്തി നടപടി സ്വീകരിച്ച് വീട്ടിൽ നിന്നും ഇറക്കിവിട്ടുവെന്നുമാണ് ശ്രീ.എസ്.സാമു സമർപ്പി ച്ചിട്ടുള്ള പരാതി. | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (08.07.2021 ലെ PLGEA-F 2/50/2020-PLGEA നമ്പർ കത്ത്)**<br>ശ്രീ. സാമുവും ഭാര്യ ശ്രീമതി റെയ്ച്ചലമ്മയും കാനറാ ബാങ്കിന്റെ തൊളിക്കോട് ശാഖയിൽ നിന്നും എടുത്ത 8 ലക്ഷം,4 ലക്ഷം എന്നീ രൂപയുടെ വായ്പകൾ 31/03/2011 ന് നിഷ്ക്രിയ ആസ്തിയായി (Non Performing Assets) മാറിയിട്ടുള്ളതാണ്. 10/07/2012ന് ബാങ്ക് സർഫാസി നടപടി പ്രകാരം വസ്തുവിന്റെ കൈവശാവകാശം |

| | | | |
|---|---|---|---|
| | | | എടുത്തുവെങ്കിലും WP(C) നം. 15806.2012 ലെ ബഹു ഹൈക്കോടതിയുടെ 11/07/2012 തീയതിയിലെ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ 50,000/- രൂപ അടച്ചതിനെ തുടർന്ന് വസ്തുവിന്റെ കൈവശാവകാശം 12/07/2012ന് ബാങ്ക് തിരികെ നൽകുകയുണ്ടായി. പിന്നീട് 03/01/2014ലെ കോടതി വിധി പ്രകാരം 01/02/2014 മുതൽ 8 തുല്യ മാസ ഗഡുക്കളായി തിരിച്ചടവ് നടത്തുവാൻ ഹർജിക്കാരന് അനുമതി ലഭിച്ചിരുന്നു. എന്നാൽ 12.07.2012 ന ശേഷം യാതൊരു തിരിച്ചടവും ഇല്ലാത്തതിനാൽ ബാങ്ക് വീണ്ടും സർഫാസി നടപടി പ്രകാരം 18/11/2019 ന് വസ്തുവിൻ്റെ കൈവശാവകാശം എടുത്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ടുള്ള അപ്പീൽ എറണാകുളം ഡി.ആർ.ടി. (ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ) 05/03/ 2020ന് തീർപ്പാക്കിയിട്ടുണ്ടെന്നും സിൻഡിക്കേറ്റ് ബാങ്കിന്റെ തൊളിക്കോട് ശാഖാ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 14. | ശ്രീ. പ്രകാശ് മുട്ടം | ശ്രീ. പ്രകാശ് ഫെഡറൽ ബാങ്കിൽ നിന്നും അമ്പത്തഞ്ച് ലക്ഷത്തി എൺപതിനായിരം രൂപ വായ്പയെടുത്തിരുന്നു. 2015 വരെ വായ്പ തിരികെ അടയ്ക്കുകയും ചെയ്തു. ഭാര്യയ്ക്ക് അസുഖം | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.08.2020 ലെ PLGEA-F 1/58/2020-PLGEA നമ്പർ കത്ത്)** സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ |

| | | | |
|---|---|---|---|
| | | പിടിപെട്ടതിനെത്തുടർന്ന് വായ്പ തിരിച്ചടവ് മുടങ്ങിയപ്പോൾ 3,61,1005 രൂപ ബാക്കി നിൽക്കെ നാട്ടീസ് നൽകാതെ വീട് ജപ്തി ചെയ്തു. | സമർപ്പിക്കപ്പെട്ട ഹർജ്ജികൾ സംബന്ധിച്ച് അന്വേഷിച്ച് തുടർനടപടികൾ കൈക്കൊള്ളുവാൻ കമ്മിറ്റിറിപ്പോർട്ടിലെ ഖണ്ഡിക 20-ൽ കമ്മിറ്റി നിർദ്ദേശിക്കുന്നുണ്ട് അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ ശ്രീപ്രകാശ്, മുട്ടം സമർപ്പിച്ച ഹർജ്ജിയിൽ (ക്രമനം.14) ഫെഡറൽ ബാങ്കിൽ നിന്നും 2010 ൽ ലക്ഷം രൂപയും 2007 ൽ ഫെഡറൽ ബാങ്ക് ഗ്യാരൻറിയായി നിന്ന് ഭാര്യയുടെ പേരിൽ 20ലക്ഷം രൂപയും 2012 ൽ 25ലക്ഷം രൂപയും NSIC യിൽ നിന്നും വായ്പയെടുത്തിരുന്നതായും വായ്പതിരിച്ചടവ് മുടങ്ങിയതിനാൽ ഫെഡറൽ ബാങ്ക് സർഫാസി ജപ്തി നടപടികൾ സ്വീകരിച്ചതായും ബാങ്ക് പൊതു ലേലം ചെയ്യാതെ നിയമപ്രകാരമല്ലാതെ ഓൺലൈൻ വഴി ലേലം ചെയ്തതായും ഒരു കോടി രൂപ വിലമതിക്കുനന മൂന്നു നിലകെട്ടിടം വെറും 25ലക്ഷം രൂപയ്ക്ക് ലേലം ചെയ്തതായും ഇതിനെതിരെ ഡി.ആർ.റ്റി കോടതിയെ സമീപിച്ചിട്ടുള്ളതായും അർബൻ ബാങ്കിൽ നിന്നും പലതവണയായി 34ലക്ഷം രൂപ വായ്പയെടുത്തിട്ടുള്ളതായും 2016 ൽ സർഫാസി നിയമപ്രകാരം ജപ്തി നടപടികൾ സ്വീകരിച്ചതായും |

| | | | |
|---|---|---|---|
| | | | മകൻ്റെ പേരിൽ 15ലക്ഷം രൂപ വായ്പയെടുത്തതായും വായ്പതിരിച്ചടവ് മുടങ്ങിയതിനാൽ സർഫാസി നടപടി എടുത്തതായും പരാമർശിച്ചിട്ടുണ്ട്.<br><br>ഹർജ്ജിയിന്മേൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുടേയും ഫെഡറൽ ബാങ്കിന്റേയും റിപ്പോർട്ടുകൾ സർക്കാർ തേടിയിരുന്നു. ഹർജ്ജിക്കാരനും ഭാര്യയും മകളും ഫെഡറൽ ബാങ്കിന്റെ മുട്ടം ശാഖയിൽ നിന്നും വിവിധ വായ്പകൾ എടുത്തിരുന്നതായും വായ്പതിരിച്ചടവ് മുടങ്ങിയതിനാൽ അക്കൗണ്ടുകൾ 2016 മാർച്ച് മാസത്തിൽ എൻ.പി.എ ആയതായും ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതിനെ തുടർന്ന് അതിനെതിരെ ഹർജ്ജിക്കാരൻ ബഹു.ഹൈക്കോടതിയെ സമീപിച്ചതായും 27.09.2016 ലെ ഉത്തരവിൻ പ്രകാരം കുടിശ്ശിക 12 തുല്യഗഡുക്കളായി അടവാക്കുവാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചതായും എന്നാൽ കോടതി ഉത്തരവ് പ്രകാരം അടവാക്കാത്തതിനാൽ ബാങ്ക് റിക്കവറി നടപടികൾ വീണ്ടും ആരംഭിച്ചതായും തൊടുപുഴ സി.ജെ.എം കോടതിയിലെ ഉത്തരവിൻ പ്രകാരം ബാങ്ക് |

| | | | |
|---|---|---|---|
| | | | ജാമ്യവസ്തുവിൻ്റെ പൊസഷൻ ഏറ്റെടുത്ത് ലേല നടപടികളിലേക്ക് കടന്നതായും 15.11.2018 ന് നടന്ന പബ്ലിക് സെയിലിൻ്റെ നോട്ടീസ് ഹർജ്ജിക്കാരന് 27.09.2018 ൽ നൽകുകയും രണ്ടു ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതായും പൊതുലേലത്തിൽ 25,01,001 രൂപയ്ക്ക് ജാമ്യവസ്തു വിൽപ്പനനടത്തിയതായും പ്രസ്തുത തുക കഴിച്ച് 44,83,174 രൂപ പലിശ സഹിതം ഹർജ്ജിക്കാരനിൽ നിന്നും ബാങ്കിന് ലഭിക്കാനുണ്ടെന്നും ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 15. | എം.എസ്.എസ് ഹോസ്പിറ്റൽ ആൻഡ് നേഴ്സിംഗ് കോളേജ്, ആലപ്പുഴ | ആലപ്പുഴ ജില്ലയിലെ എം. എസ്. എസ്. ഹോസ്പിറ്റൽ ആൻഡ് നഴ്സിംഗ് കോളേജ് സീമെൻസ് കമ്പനിയുമായി ഉണ്ടാക്കിയ ഹയർപർച്ചേസ് വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്തതുമൂലം വായ്പയിലൂടെ എടുത്ത സാമഗ്രികൾ സർഫാസി നിയമത്തിൻ്റെ പരിധിയിൽപ്പെടുത്തി തിരിച്ചെടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്. 2018-ലെ പ്രളയക്കെടുതിമൂലം ആശുപത്രിക്ക് നാശനഷ്ടം ഉണ്ടാകുകയും സമീപപ്രദേശങ്ങളിലെ റോഡുകൾ തകരുകയും ചെയ്തതുകാരണം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയാണ് | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | ഈ അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്. ഈ നടപടി ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും സർഫാസി നിയമത്തിൻ്റെ നടപടികൾ ഒഴിവാക്കി നൽകണമെന്നാണ് അപേക്ഷ | |
| 16. | ശ്രീ. റ്റി. ജി. രാജൻകുട്ടി, ഇടുക്കി | ശ്രീ. റ്റി. ജി. രാജൻ കുട്ടി 2012-ൽ ഫെഡറൽ ബാങ്ക് അടിമാലി ശാഖയിൽനിന്നും 2015-2016 വരെ കാലാവധിയുള്ള പന്ത്രണ്ട് ലക്ഷം രൂപയുടെ കാർഷിക വായ്പ എടുത്തു. നോട്ട് നിരോധനവും സാമ്പത്തിക പ്രതിസന്ധിയും 2018-ലെ പ്രളയ ക്കെടുതിമൂലമുണ്ടായ കൃഷിനാശവും കാരണം വായ്പ തിരികെയടക്കാൻ കഴിഞ്ഞില്ല. മുതിർന്ന പൗരനായ ഇദ്ദേഹത്തിന്റെ വീടും വസ്തുവും ജപ്തിചെയ്യുന്നതിന് ബാങ്ക് സർഫാസി നിയമ പ്രകാരം നോട്ടീസ് നൽകിയിരിക്കുകയാണ്. വായ്പ തിരിച്ചടയ്ക്കാൻ ഇളവനുവദിക്കണമെന്നതാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.08.2020 ലെ PLGEA-F 1/58/2020-PLGEA നമ്പർ കത്ത്)** സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡഹോക്ക് കമ്മിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജ്ജികൾ സംബന്ധിച്ച് അന്വേഷിച്ച് തുടർനടപടികൾ കൈക്കൊള്ളുവാൻ കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക20-ൽ കമ്മിറ്റി നിർദ്ദേശിക്കുന്നുണ്ട്. അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ ശ്രീ റ്റി.ജി. രാജൻ കുട്ടി സമർപ്പിച്ച ഹർജ്ജിയിൽ (ക്രമം. 16) ഹർജ്ജിക്കാരനും സഹോദരനും കൂടി ചേർന്ന് അടിമാലി ഫെഡറൽ ബാങ്കിൽ നിന്നും 4ഏക്കർ 85 സെൻ്റ് വസ്തുവിൻ്റെ ഈടിൽ 2009 ൽ 5ലക്ഷം രൂപ കാർഷിക വായ്പയെടുത്തതായും 2012ൽ ആയത് തിരിച്ചടച്ച് 12ലക്ഷം വായുവെടുത്തതായും നോട്ടുനിരോധനവും തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധിമൂലവും വായ്പ യഥാസയേം നിരികെ അടക്കാനായില്ലെന്നും 50,000/ |

| | | | |
|---|---|---|---|
| | | | രൂപ തിരികെ അടവാക്കി കാലാവധി നീട്ടിവാങ്ങിയെങ്കിലും വരൾച്ചയും കൃഷിനാശവും മൂലം തനിക്കും സഹോദരനും വായ്പ തിരികെ അടവാക്കാനായില്ലെന്നും 2018 ലെ പ്രളയക്കെടുതിയിൽ വ്യാപകകൃഷിനാശമുണ്ടായതിനാൽ പലിശ പോലും തിരിച്ചടക്കുന്നതിന് കഴിഞ്ഞില്ലെന്നും ബാങ്ക് സർഫാസി നിയമപ്രകാരമുള്ള ജപ്തി നടപടികൾ ആരംഭിച്ചതായും പണം തിരികെ അടവാക്കുന്നതിന് സാവകാശവും ഇളവും അനുവദിച്ച് സർഫാസി നിയമത്തിൻ്റെ പരിധിയിൽ നിന്നും മോചിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.<br><br>ഹർജിയിന്മേൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുടേയും ഫെഡറൽ ബാങ്കിൻ്റേയും റിപ്പോർട്ടുകൾ സർക്കാർ നേടിയിരുന്നു. ഹർജ്ജിക്കാരൻ ഫെഡറൽ ബാങ്ക് അടിമാലി ശാഖയിൽ നിന്നും 11.11.20008 ൽ 5 ലക്ഷം രൂപ വായ്പയെടുത്തതായും തുടർന്ന് 12.01.2012 ലും 15.06.2013 ലും വായ്പ പുതുക്കി 12ലക്ഷം രൂപയാക്കിയിട്ടുള്ളതായും 2014 മുതൽ വായ്പ തരിച്ചടവ് കുടിശ്ശികയായി 14.06.2018 ൽ അക്കൗണ്ട് എൻ.പി.എ |

| | | | |
|---|---|---|---|
| | | | ആകുകയും ബാങ്ക് സർഫാസി ഒപ്പ് നടപടികൾ ആരംഭിച്ച 21.02.2019 ൽ സിമ്പോളിക് പൊസഷൻ നോട്ടീസ് പതിച്ചതായും വായ്പ കുടിശ്ശികയായി 4 വർഷത്തിന് ശേഷമാണ് ബാങ്ക് ജപ്തി നടപടികൾ സ്വീകരിച്ചതെന്നും കുടിശ്ശിക തീർപ്പാക്കുന്നതിന് ബാങ്ക് ആവശ്യത്തിലധികം സമയം അനുവദിച്ചെങ്കിലും ഹർജ്ജിക്കാരൻ ആയതിൽ വിട്ടുവീഴ്ച്ച വരുത്തുകയാണുണ്ടായതെന്നും ബാങ്ക് നടത്തിയ 3 റിക്കവറി ക്യാമ്പുകളിൽ പങ്കെടുത്ത് വായ്പ തിരികെ അടവാക്കുന്നതിന് ഹർജ്ജിക്കാരൻ ആവശ്യപ്പെട്ട സമയം ബാങ്ക് അനുവദിച്ചെങ്കിലും ഹർജിക്കാരൻ കുടിശ്ശിക തീർപ്പാക്കിയില്ലെന്നും നോട്ടുനിരോധനത്തിനും പ്രളയത്തിനും മുമ്പ് 2014 ൽ തന്നെ വായ്പാ ഷിരിച്ചടവ് ഹർജിക്കാരൻ മുടക്കിയിരുന്നതായും മേൽ സാഹചര്യത്തിൽ റിക്കവറി നടപടികൾ നിർത്തിവെച്ച് വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിന് ഹർജ്ജിക്കാരന് വീണ്ടും സമയം അനുവദിക്കുന്നതിന് ബാങ്കിന് കഴിയില്ലെന്നും എന്നിരുന്നാലും ഹർജ്ജിക്കാരന് ഇപ്പോൾ വേണമെങ്കിലും ബാങ്കിനെ സമീപിച്ച് |

| | | | |
|---|---|---|---|
| | | | ഒറ്റത്തവണതീർപ്പാക്കൽ/ കോമ്പ്രമൈസ് സെറ്റിൽമെൻ്റ് പ്രകാരം തീർപ്പാക്കാവുന്നതാണെന്നും ഫെഡറൽ ബാങ്ക് അറിയിച്ചിട്ടുണ്ട്.<br><br>ബാങ്കിന്റെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരന് ബാങ്കുമായി നേരിട്ട് ബന്ധപ്പെട്ട് ഒറ്റത്തവണതീർപ്പാക്കൽ/ കോംപ്രമൈസ് സെറ്റിൽമെൻ്റ് പ്രകാരം വായ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഹർജ്ജിക്കാരനെ സർക്കാർ അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 17. | ശ്രീമതി. ഷീമ, കണ്ണൂർ | ശ്രീമതി ഷീമ സിൻഡിക്കേറ്റ് ബാങ്കിന്റെ മാലൂർ ശാഖയിൽ നിന്നും മൂന്ന് ലക്ഷം രൂപ വായ്പയെടുത്തു. ഭർത്താവ് ആകസ്മികമായി മരണപ്പെട്ടതിനെത്തുടർന്ന് വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നു. ഒരുലക്ഷത്തി എഴുപതിനായിരത്തോളം രൂപ തിരികെ അടച്ചുവെങ്കിലും ബാങ്ക് സർഫാസി നിയമപ്രകാരമുള്ള ജപ്തിനടപടികളുമായി മുന്നോട്ടു പോകുകയാണ്. അത് ഒഴിവാക്കി | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (15.07.2021 ലെ PLGEA-F 1/58/2020-PLGEA നമ്പർ കത്ത്)**<br>അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ ശ്രീമതി ഷീമ, കണ്ണൂർ സമർപ്പിച്ച ഹർജ്ജിയിൽ (ക്രമനം. 17) തൻ്റെ ഭർത്താവ് 20.11.2009 ൽ സിന്റിക്കേറ്റ് ബാങ്ക് മാലൂർ ശാഖയിൽ നിന്നും വീട് പണിക്ക് വേണ്ടി 3 ലക്ഷം രൂപ വായ്പയെടുത്തെന്നും 15.09.2015ൽ ഭർത്താവ് |

| | | | |
|---|---|---|---|
| | | നൽകണമെന്നാണ് ശ്രീമതി ഷീമയുടെ അപേക്ഷ. | ആകസ്മികമായി മരണപ്പെട്ടതിനാൽ വായ്പ തിരിച്ചടവിന് കഴിയാതെവന്നുവെന്നും 1,70,000/-രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും കൂലിപണിയെടുത്താണ് കുടുംബം പുലർത്തുന്നതെന്നും ബാങ്ക് സർഫാസി ജപ്തി നടപടികൾ സ്വീകരിക്കുന്നതായും വായ്പ തിരിച്ചടക്കുന്നതിന് ഒരു നിർവ്വാഹവുമില്ലെന്നും പരാമർശിച്ചിരുന്നു. ഹർജ്ജിയിന്മേൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുടേയും സിന്റ്റിക്കേറ്റ് ബാങ്കിന്റേയും റിപ്പോർട്ടുകൾ സർക്കാർ തേടിയതിൽ 20ലക്ഷം രൂപ വിലയുള്ള ജാമ്യവസ്തു നിലവിലുള്ള സാഹചര്യത്തിൽ ബാങ്കിൻ്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വായ്പാബാധ്യത പൂർണ്ണമായും എഴുതിതള്ളുവാൻ കഴിയില്ലെന്ന് കാനറ(സിൻ്റിക്കേറ്റ്) ബാങ്ക് അറിയിച്ചിരുന്നു.<br><br>ബാങ്ക് നൽകിയിട്ടുള്ള സർഫാസി നോട്ടീസ് അനുസരിച്ച് 31.12.2018 ലെ കുടിശ്ശിക തുക 4,44,396/- രൂപ മാത്രമാണെന്നും ഹർജിയിന്മേൽ ബാങ്ക് സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് പ്രസ്തുത |

| | | | |
|---|---|---|---|
| | | | തുകക്കായി ബാങ്ക് ജപ്തി ചെയ്യുന്ന ജാമ്യവസ്തുവിൻ്റെ വില 20 ലക്ഷം രൂപയോളം വരുമെന്നും മേൽ സാഹചര്യത്തിൽ ഈ വിഷത്തിൽ ഹർജിക്കാരിക്ക് അനുകൂലമായി ബാങ്കിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ അടിയന്തരമായി പരിശോധിച്ച് അറിയക്കുവാൻ എസ്.എൽ.ബി.സി കൺവീനറോടും കാനറാ(സിന്റ്റിക്കേറ്റ്) ബാങ്കിനോടും സർക്കാർ ആവശ്യപ്പെട്ടിരുന്നു.<br><br>തുടർന്ന് വായ്പ അക്കൗണ്ട് ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കിയിട്ടുള്ളതായും ഹർജി തീർപ്പാക്കാവുന്നതാണെന്നും കാനറാ ബാങ്ക് തിരുവനന്തപുരം സർക്കിൾ ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. |
| 18. | ശ്രീമതി നീലിമ സുശീലൻപിള്ള, കൊല്ലം | ശ്രീമതി നീലിമ സുശീലൻ പിള്ള ഫെഡറൽ ബാങ്ക് കൊല്ലം ശാഖയിൽനിന്നും പുരയിടം പണയപ്പെടുത്തി 48,00,000 രൂപ വായ്പയെടുക്കുകയും അതിൽ മുപ്പത്തിയൊന്ന് ലക്ഷത്തിൽപ്പരം രൂപ തിരികെയടക്കുകയും ചെയ്തു. ജോലി നഷ്ടപ്പെട്ടതിനെത്തുടർന്ന് പിന്നീട് തിരികെയടയ്ക്കാൻ കഴിയാതെ വരികയും മൂന്ന് മാസത്തിനുശേഷം ബാങ്ക് | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (12.08.2020 ലെ PLGEA-F 1/58/2020-PLGEA നമ്പർ കത്ത്)**<br>സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ട ഹർജ്ജികൾ സംബന്ധിച്ച് അന്വേഷിച്ച് തുടർനടപടികൾ കൈക്കൊള്ളുവാൻ |

| | | | |
|---|---|---|---|
| | | ജപ്തിനടപടികൾ സ്വീകരിക്കുകയും ചെയ്തു. മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ജപ്തിയൊഴിവാക്കി നൽകണമെന്ന് ശ്രീമതി നീലിമ സുശീലൻ പിള്ളയുടെ അപേക്ഷ | കമ്മിറ്റിറിപ്പോർട്ടിലെ ഖണ്ഡിക 20-ൽ കമ്മിറ്റി നിർദ്ദേശിക്കുന്നുണ്ട്. അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ ശ്രീമതി.നീലിമ സുശീലൻപിള്ള സമർപ്പിച്ച ഹർജ്ജിയിൽ (ക്രമനം. 18) ഫെഡറൽ ബാങ്കിന്റെ കൊല്ലം ശാഖയിൽ 14 സെന്റ് പുരയിടവും വീടും കടപ്പെടുത്തി 29.08.2014 ൽ ഹർജ്ജിക്കാരി 48ലക്ഷം രൂപ വായ്പ എടുത്തതായും 24.08.2017 വരെ 31. 19,346 രൂപ തിരികെ അടവാക്കിയതായും തുടർന്ന് ജോലി നഷ്ടപ്പെട്ടതിനാൽ വായ്പ തിരിച്ചടവ് മുടങ്ങിയതായും മൂന്നുമാസത്തിനു ശേഷം സർഫാസി ആക്ട് പ്രകാരം ആലപ്പുഴ സി.ജെ.എം കോടതിയിൽ ബാങ്ക് കേസ് ഫയൽ ചെയ്തതായും ഹർജ്ജിക്കാരിയേയും കുടുംബത്തിനേയും വീട്ടിൽ നിന്നും ഇറക്കിവിടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.<br><br>ഹർജ്ജിയിന്മേൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനറുടേയും ഫെഡറൽ ബാങ്കിന്റേയും റിപ്പോർട്ടുകൾ സർക്കാർ തേടിയിരുന്നു. ഹർജ്ജിക്കാരി ചെങ്ങന്നൂർ താലൂക്കിലെ തിരുവൻവണ്ടൂർ വില്ലേജിലെ |

| | | | |
|---|---|---|---|
| | | | 5.67 ആർ സ്ഥലം പണയപ്പെടുത്തി 30.08.2014 ൽ 48ലക്ഷം രൂപ പ്രോപ്പർട്ടി പവർ ലോൺ എടുത്തതായും വായ്പ തിരിച്ചടവ് ക്രമരഹിതമായി 01.07.2017 ൽ വായ്പ എൻ.പി.എ ആയതായും 14.08.2017 ൽ സർഫാസി നടപടികൾ ആരംഭിച്ച് ഡിമാൻ്റ് നോട്ടീസ് നൽകിയതായും തുടർന്ന് ആലപ്പുഴ സി.ജെ.എം കോടതിയിൽ എം.സി.55/2018 ആയി കേസ് ഫയൽ ചെയ്തതായും കോടതി അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചതായും ആയതിന്മേൽ ഹർജിക്കാരി ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ വായ്പ തവണകളായി തിരിച്ചടവാക്കാൻ ബഹു ഹൈക്കോടതി ഹർജ്ജിക്കാരിയോട് നിർദ്ദേശിച്ചതായും എന്നാൽ ഒരു ഇൻസ്റ്റാൾമെൻ്റ് പോലും ഹർജ്ജിക്കാരി അടവാക്കിയിട്ടില്ലെന്നും തുടർന്ന് ബാങ്ക് വീണ്ടും ആലപ്പുഴ സി.ജെ.എം കോടതിയെ സമീപിച്ചുവെന്നും സർഫാസി നടപടികൾ പുനമാരംഭിക്കുന്നതിനും ജാമ്യവസ്തു ഏറ്റെടുക്കുന്നതിനായി ബഹു കോടതി പുതിയ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചതായും റിക്കവറി നടപടികൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ച് മൂന്ന വർഷമായിട്ടും വായ്പ്പ തിരിച്ചടവാക്കാൻ ഹർജ്ജിക്കാരിക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും ഫെഡറൽ ബാങ്ക് അറിയിച്ചിരുന്നു.<br><br>വായ്പ്പതുകയിൽ 17.8ലക്ഷം രൂപ ഹർജ്ജിക്കാരി ഇതുവരെ തിരികെ അടവാക്കിയതായും 62.6 ലക്ഷം രൂപ നിലവിൽ കടിശ്ശികയുള്ളതായും വായ്പ്പ തിരിച്ചടവിന് ബാങ്ക് ആവശ്യത്തിന് സമയം ഹർജിക്കാരിക്ക് അനുവദിച്ചിട്ടുണ്ടെന്നും ഹർജ്ജിക്കാരി മുന്നോട്ടു വെക്കുന്ന ഏത് ഒറ്റത്തവണതീർപ്പാക്കൽ നിർദ്ദേശവും പരിഗണിക്കുന്നതിന് ബാങ്ക് തയ്യാറാണെന്നും ഫെഡറൽ ബാങ്ക് അറിയിച്ചിട്ടുണ്ട്.<br><br>ബാങ്കിൻ്റെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ബാങ്കുമായി നേരിട്ട് ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ നിർദ്ദേശങ്ങൾ സമർപ്പിച്ച് വായ്പ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഹർജ്ജിക്കാരിയെ സർക്കാർ അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

| | | | |
|---|---|---|---|
| 19. | ശ്രീ. നസറുദ്ദീൻ, കൊല്ലം | ശ്രീ.നസറുദ്ദിൻ ദീർഘകാലമായി സിൻഡിക്കേറ്റ് ബാങ്കുമായി ഇടപാട് നടത്തിവന്ന കശുവണ്ട് വ്യവസായിയാണ്. അദ്ദേഹത്തിന് അനുവദിച്ച വായ്പയുടെ കാലാവധി 84 മാസമായിരിക്കെ ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടായ പിഴവുമൂലം അത് 48 മാസം എന്ന് രേഖപ്പെടുത്തുകയുണ്ടായി. ഇപ്രകാരം കാലാവധി തെറ്റായി കണക്കാക്കിയതുമൂലം തവണത്തുക ഉയർന്നതിനാൽ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് പ്രസ്തുത വായ്പയെ ബാങ്ക് എൻ.പി.എ. ആയി പ്രഖ്യാപിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവെന്നതാണ് അദ്ദേഹത്തിന്റെ പരാതി. | **ആസൂത്രണസാമ്പത്തികകാര്യ (എഫ്) വകുപ്പ് (08.07.2021 ലെ PLGEA-F 2/50/2020-PLGEA നമ്പർ കത്ത്)** ശ്രീ. നസറുദ്ദീൻ കനറാ ബാങ്ക് (മുൻ സിൻഡിക്കേറ്റ് ബാങ്ക്) കുണ്ടറ ശാഖയിൽ നിന്നും എടുത്ത നാലു കോടി പത്ത് ലക്ഷം രൂപയുടെ തിരിച്ചടവ് കാലാവധി 84 മാസം എന്നതിനു പകരം 48 മാസം എന്ന് കമ്പ്യൂട്ടറിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തിയിട്ടുണ്ടെന്നും വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും ടിയാന്റെ വായ്പയുമായി ബന്ധപ്പെട്ടുള്ള കേസ് എറണാകുളം ഡി.ആർ.ടി. (ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ) യുടെ പരിഗണനയിലാണെന്നും ടിയാൻറെ വസ്തുവകകൾ ഒന്നും തന്നെ ബാങ്ക് ഇതുവരെ കൈവശപ്പെടുത്തിയിട്ടില്ലെന്നാമുള്ള വിവരങ്ങളാണ് കനറാ ബാങ്ക് കുണ്ടറ ശാഖാ മാനേജർ അറിയിച്ചിട്ടുള്ളത്. |

തിരുവനന്തപുരം

30/06/2026

ഷാജി സി. ബേബി,

സെക്രട്ടറി-ഇൻ-ചാർജ്.